(എ) സംസ്ഥാനത്ത് വിറ്റിരുന്ന അന്യ സംസ്ഥാന ലോട്ടറികളുടെ ടിക്കറ്റുകൾ അച്ചടിച്ചിരുന്നത് ബന്ധപ്പെട്ട അന്യസംസ്ഥാനങ്ങളായിരുന്നോ ;

(ബി) അന്യസംസ്ഥാനങ്ങൾക്കുവേണ്ടിയെന്ന് പറഞ്ഞുകൊണ്ട് ഏതെല്ലാം സ്വകാര്യ വ്യക്തികളും കമ്പനികളും ലോട്ടറി ടിക്കറ്റ് അടിച്ച് വിറ്റിരുന്നു ;

(സി) അത് നിയമവിധേയമാണോ ;

(ഡി) അന്യസംസ്ഥാനങ്ങൾക്കുവേണ്ടി ടിക്കറ്റ് അടിച്ച് വിൽക്കുന്ന എത്ര കമ്പനികളുടേയും വ്യക്തികളുടേയും മേൽ കേസെടുത്തു ; ഇതു സംബന്ധിച്ച കേസിൽ സുപ്രീം കോടതി വിധിയെന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തിയിരുന്ന അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ ടിക്കറ്റുകൾ അച്ചടിച്ചിരുന്നത് അതത് സംസ്ഥാനത്ത് തന്നെയായിരുന്നു എന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഈ സംസ്ഥാനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) പ്ലേവിൻ, സ്മാർട്ട്വിൻ, അപ്പോളോ ഇന്റർ നാഷണൽ, ബി. എസ്. എന്റർപ്രൈസസ്, ശക്തി ഏജൻസീസ് തുടങ്ങിയ കമ്പനികളാണ് കേരളത്തിൽ അന്യ സംസ്ഥാന ഭാഗ്യക്കുറികൾ വിൽപ്പന നടത്തി വന്നിരുന്നത്.

(സി) സംസ്ഥാന സർക്കാരുകൾ, നേരിട്ട് അല്ലാതെ അച്ചടിക്കുന്ന എല്ലാ ഭാഗ്യക്കുറികളും നിയമവിരുദ്ധമാണ്.

(ഡി) 1998-ലെ കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമം സെക്ഷൻ 4-ലെ നിബന്ധനകൾ ലംഘിച്ച് വിൽപ്പന നടത്തിയ എൺപതോളം ഭാഗ്യക്കുറി ഡീലർമാർക്ക് എതിരെ കേന്ദ്ര നിയമം സെക്ഷൻ 7(3) അനുസരിച്ച് കേസ്സെടുത്തിരുന്നു. ഇത് സംബന്ധിച്ച് മേഘാലയ സർക്കാർ നൽകിയ കോടതിയലക്ഷ്യ കേസിൽ 24-1-2005-ലെ സുപ്രീം കോടതി വിധി പ്രകാരം പരാതിക്കാർക്കെതിരെ ഫയൽചെയ്ത എഫ്. ഐ. ആറിന്മേലുള്ള നടപടിയുടെ ഭാഗമായി പിടിച്ചെടുത്ത ഉപകരണങ്ങൾ തിരിച്ചു നൽകുന്നതിനും മുദ്രവെച്ച സ്ഥാപനങ്ങൾ തുറന്നു നൽകുന്നതിനും ഉത്തരവായി.

നിരോധിച്ച സംസ്ഥാന ഭാഗ്യക്കുറി പുനഃസ്ഥാപിക്കുവാൻ നടപടി

8 [1725] ശ്രീ. ടി. പി. രാമകൃഷ്ണൻ :

„ സാജു പോൾ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരോധിച്ച സംസ്ഥാന ഭാഗ്യക്കുറി പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതു സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(സി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഭാഗ്യക്കുറി നിരോധിക്കുന്നതിന് മുൻപായി വിവിധ നറുക്കെടുപ്പുകളിൽ സമ്മാനങ്ങൾ ലഭിച്ചിട്ടുള്ളവർക്ക് സമ്മാനത്തുക നൽകുന്നതിന് ഇപ്പോൾ എത്ര കുടിശ്ശികയുണ്ട് ;

(ഇ) ഏതെല്ലാം ഭാഗ്യക്കുറികളുടെ എന്നുമുതലുള്ള സമ്മാന കുടിശ്ശികയാണ് കൊടുത്തുതീർക്കാനുള്ളത് ;

(എഫ്) ഇത് എത്രയാണെന്നും ഇത്രയും സമ്മാന തുക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്നും ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) സംസ്ഥാന ഭാഗ്യക്കുറി പുനഃസ്ഥാപിക്കുന്നതിന് മുന്നോടിയായി നികുതി ചുമത്തുന്നതിനും ഓൺലൈൻ ലോട്ടറി ചൂതാട്ട നിരോധന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നിയമനിർമ്മാണം നടത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ 25-1-2005 വരെ നടന്ന വിവിധ നറുക്കെടുപ്പുകളിൽ ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ സമർപ്പിച്ച ടിക്കറ്റുകളുടെ സമ്മാനത്തുക യിനത്തിൽ 17,02,75,000 രൂപ കുടിശ്ശികയുണ്ട്. നേരത്തെ ഹാജരാക്കിയ ടിക്കറ്റുകൾക്ക് സമ്മാനത്തുക ലഭിക്കാത്തതിനാൽ അംഗീകൃത ഏജന്റുമാർ ശേഖരിച്ച സമ്മാന ടിക്കറ്റുകൾ മുഴുവൻ ജില്ലാ ഓഫീസുകളിൽ ഹാജരാക്കിക്കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ കുടിശ്ശിക കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(ഇ) കൈരളി, ജ്വാല, ചൈതന്യ, ഐശ്വര്യ, പെരിയാർ, സൗഭാഗ്യ എന്നീ ഭാഗ്യക്കുറികളുടെ 24-8-2002 മുതൽ 25-1-2005 വരെ നടന്ന നറുക്കെടുപ്പുകളിലെ സമ്മാനത്തുകയാണ് വിതരണം ചെയ്യാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സമ്മാനക്കുടിശ്ശിക എത്രയാണെന്ന് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. സമ്മാനത്തുക വിതരണം ചെയ്യാൻ കാലതാമസം നേരിട്ടിട്ടുള്ളതിൽ ഭൂരിഭാഗം ടിക്കറ്റുകളും അന്യ സംസ്ഥാനങ്ങളിൽ നിന്നും ഹാജരാക്കിയ ടിക്കറ്റുകളാണ്. കേരള ഭാഗ്യക്കുറിയുടെ മിക്കവാറും ടിക്കറ്റുകളും കേരളത്തിലാണ് വിൽക്കുന്നത്. എന്നാൽ ഒന്നാം സമ്മാനം, രണ്ടാം സമ്മാനം തുടങ്ങിയ വൻതുകയ്ക്കുള്ള സമ്മാന ടിക്കറ്റുകൾ സംസ്ഥാനത്തിനു വെളിയിൽനിന്നുമാണ് ഹാജരാക്കിയിട്ടുള്ളത്. സമ്മാന ടിക്കറ്റുകൾ കൈമാറ്റം ചെയ്ത് കള്ളപ്പണം വെളുപ്പിക്കാൻവേണ്ടി അന്യ സംസ്ഥാനങ്ങളിൽനിന്നും വൻ തുകയ്ക്കുള്ള സമ്മാന ടിക്കറ്റുകൾ ഹാജരാക്കുന്നു എന്ന നിഗമനത്തിൽ ഇത്തരം ടിക്കറ്റുകൾക്ക് സമ്മാന വിതരണം നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

സംസ്ഥാന ഭാഗ്യക്കുറി സമ്മാന വിതരണത്തിലെ കാലതാമസം

9 [1726] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറിയിൽ ഒന്നും രണ്ടും സമ്മാനാർഹരായ എത്രപേർക്ക് സമ്മാനത്തുക നൽകാനുണ്ട് ; നറുക്കെടുപ്പ് തീയതി സഹിതം വ്യക്തമാക്കാമോ ;

(ബി) സമ്മാനത്തുക വിതരണം ചെയ്യാൻ എത്ര സമയം എടുക്കാറുണ്ട് ;

(സി) കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 24-8-2002 മുതൽ 25-1-2005 വരെ നടന്ന നറുക്കെടുപ്പുകളിൽ ഒന്നാം സമ്മാനത്തിനർഹരായ 69 പേർക്കും രണ്ടാം സമ്മാനത്തിനർഹരായ 196 പേർക്കും സമ്മാനത്തുക നൽകാനുണ്ട്.

(ബി) ആവശ്യമായ എല്ലാ രേഖകളും സഹിതം സമ്മാനാർഹൻ നിശ്ചിത സമയ പരിധിക്കുള്ളിൽ സമ്മാന ടിക്കറ്റുകൾ ഹാജരാക്കുകയാണെങ്കിൽ ട്രഷറി നിയന്ത്രണം പിൻവലിക്കുന്ന സമയത്ത് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കാലതാമസം കൂടാതെ സമ്മാനത്തുക വിതരണം ചെയ്യാറുണ്ട്.

(സി) സമ്മാനാർഹമായ ടിക്കറ്റ് നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കാതിരിക്കുന്നതും ആവശ്യമായ എല്ലാ അനുബന്ധ രേഖകളും ഹാജരാക്കാത്തതും ട്രഷറി നിയന്ത്രണവുമാണ് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly